Lalith Babu

**പോലീസ് സ്റ്റേഷനിലെ CCTV footage വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തുന്നത് സംബന്ധിച്ച മുഖ്യ വിവരാവകാശ കമ്മീഷന്റെ നിരീക്ഷണം**

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **AP 2684(1)/2023/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.19246/SIC-Gen4/2023**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)
സന്നിഹിതൻ
ശ്രീ. വി. ഹരി നായർ, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി 2024 മേയ്18

ശ്രീ. രാഹുൽ കെ.ടി.,
കുടിലിങ്കൽ വീട്,
തായ്ക്കാട്ടുകര പി.ഒ.,
ആലുവ, എറണാകുളം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ,
   എറണാകുളം റൂറൽ.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
   ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
   ആലുവ, എറണാകുളം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 16/10/2023 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/10/2023 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 16/10/2023 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 25/10/2023 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31/10/2023 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 2/11/2023 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/11/2023 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/12/2023 & 16/12/2023 |
| ഹിയറിംഗ് തീയതി & സ്ഥലം | 9/5/2024, കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, എറണാകുളം. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി (സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രാഹുൽ കെ.ടി., കുടിലിങ്കൽ വീട്, തായ്ക്കാട്ടുകര പി.ഒ., ആലുവ, എറണാകുളം കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ഒന്നും രണ്ടും എതിർകക്ഷികൾ മുമ്പാകെ

www.rtiexpert.com

സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ നൽകിയ മറുപടിയിൽ പ്രസ്താവിച്ചത് വിവരാവകാശ നിയമം സെക്ഷൻ 8(1) (ജി), 8(1)(ജെ) പ്രകാരം മറുപടി നൽകാൻ നിർവ്വാഹമില്ലെന്നാ- ണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ 48 മണിക്കൂറിനകം ലഭിക്കേണ്ടതാ- ണെന്നും ടിയാന്റെ ജീവനും സ്വാതന്ത്ര്യത്തിനും ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ഉടനടി ലഭ്യമാക്കുന്നതിന് കമ്മീഷൻ ഇടപെടണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 16/10/2023-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

i) ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഫ്രണ്ട് ഓഫീസിന്റെ സി.സി.ടി.വി ഫൂട്ടേജ് 12/10/2023 11.00 മണി മുതൽ 15/10/2023 23.00 മണി വരെ ഉള്ളത് സി.ഡി യിൽ പകർത്തിയത്.

ii) ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ റൂമിന്റെ സി.സി.ടി.വി ഫൂട്ടേജ് 12/10/2023 11.00 മണി മുതൽ 15/10/2023 23.00 മണി വരെ ഉള്ളത് സി.ഡി യിൽ പകർത്തിയത്. ടി അപേക്ഷയ്ക്ക് 18/10/2023-ന് നൽകിയ മറുപടിയിൽ സെക്ഷൻ 8(1)(ജെ) പ്രകാരം വിവരം നൽകാൻ സാധിക്കില്ല എന്ന് അറിയിച്ചതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ 18/10/2023 ന് നൽകിയ അപ്പീൽ അപേക്ഷയ്ക്ക് 25/10/2023 തീയതി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട സി.സി.ടി.വി ദൃശ്യങ്ങൾ നൽകിയാൽ ആയത് പൊതുജനങ്ങളുടെ സ്വകാര്യതയ്ക്കും ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകാൻ ഇടയുള്ള സാഹചര്യത്തിൽ സെക്ഷൻ 8(1) (ജി), 8(1) (ജെ) പ്രകാരവും നൽകാൻ നിർവ്വാഹമില്ലെന്നാണ്.

3) കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് കമ്മീഷൻ മുമ്പാകെ 16/12/2023 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരനായ ശ്രീ. രാഹുൽ കെ.ടി. ഒന്നാം എതിർകക്ഷി മുമ്പാകെ 16/10/2023 തീയതി ഒരു വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 48 മണിക്കൂറിനുള്ളിൽ ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ ആയത് ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ലഭ്യമാക്കി നൽകണമെന്നായിരുന്നു ഒന്നാം അപ്പീലിൽ ആവശ്യപ്പെട്ടതെന്നും ആയതുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു എന്നും ഒന്നാം എതിർകക്ഷി നൽകിയ റിപ്പോർട്ട് പരിശോധിച്ചതിൽ അപേക്ഷകൻ 48-മണിക്കൂറിനുള്ളിൽ മറുപടി ലഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അപേക്ഷകന്റെ അപേക്ഷയിൽ Fundamental Rights-നെ സംബന്ധിച്ചുള്ള എന്തു വിവരമാണ് ടി സി.സി.ടി.വി ഫൂട്ടേജിൽ ഉള്ളതെന്ന് പരാമർശിച്ചിട്ടില്ലാത്തതിനാലാണ് 48 മണിക്കൂറിനുള്ളിൽ മറുപടി നൽകാൻ കഴിയാത്തതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും 18/10/2023-ൽ ഒന്നാം അപ്പീൽ അപേക്ഷ ലഭിക്കുകയും എസ്.പി.ഐ.ഒ യോട് റിപ്പോർട്ട് ആവശ്യപ്പെട്ടും ടി ഓഫീസിലെ രജിസ്റ്റർ വിളിച്ച് വരുത്തി പരിശോധിച്ചും ബോധ്യപ്പെട്ടും 25/10/2023 തീയതി ഇ-മെയിൽ മുഖാന്തിരം അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ട ഒന്നും രണ്ടും ചോദ്യത്തിലെ സിസിടിവി ഫൂട്ടേജ് നൽകിയാൽ ആയത് വിവിധ ആവശ്യങ്ങൾക്കായി സ്ത്രീകൾ ഉൾപ്പെടെയുള്ളവർ പോലീസ് സ്റ്റേഷനുള്ളിൽ

Lalith Babu
www.rtiexpert.com

Lalith Babu

അവരുടെ സ്വകാര്യത ഉൾപ്പെടെയുള്ള വിവിധതരം പരാതികളുമായി ബന്ധപ്പെട്ട് പരാതി നൽകുവാൻ വരുന്നതിനാലും source of information reveal ചെയ്യുവാൻ കഴിയാത്ത വിധത്തിലുള്ള ഇൻഫർമേഷൻ നൽകുവാൻ പോലീസ് സ്റ്റേഷനിൽ വരുന്നവർ ഉൾപ്പെടെയുള്ളവരുടെ Visuals നൽകിയാൽ ആയത് പൊതു ജനങ്ങളുടെ സ്വകാര്യതയ്ക്കും ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകാനും ഇടയുള്ള സാഹചര്യത്തിലും സെക്ഷൻ 8(1)(ജി), 8(1)(ജെ) പ്രകാരം അപേക്ഷകന് നൽകുവാൻ നിർവ്വാഹമില്ലാത്തതിനാലാണ് സി.സി.ടി.വി ഫുട്ടേജ് നൽകാതിരുന്നിട്ടുള്ളതെന്നും ഇത് പരാതിക്കാരന് ബോധപൂർവ്വം നൽകാതിരുന്നതല്ലെന്നും Right to Information Act-ന്റെ 8 (1) (ജി), 8 (1) (ജെ) വകുപ്പുകൾക്ക് വിധേയമായിട്ടാണ് നൽകുവാൻ കഴിയാതെ വന്നതെന്ന വസ്തുത ബഹു. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു എന്നുമാണ്.

**<u>കമ്മീഷൻ തീരുമാനം</u> :**

4) 9/5/2024 തീയതി സംസ്ഥാന വിവരാവകാശ കമ്മീഷൻ എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച നടത്തിയ ഹിയറിംഗിൽ അപ്പീൽ വാദി ഹാജരായി. ഒന്നാം എതിർകക്ഷിയായ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ഓഫ് പോലീസ് തനിക്ക് തൃശ്ശൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ തെളിവ് നൽകാൻ പോകേണ്ടതിനാൽ അവധി അപേക്ഷ നൽകുകയുണ്ടായി. മേൽപ്പടി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ശ്രീ. കെ. നന്ദകുമാർ ഹാജരാകുകയുണ്ടായി. ഇരുഭാഗവും കേൾക്കുകയുണ്ടായി.

5) അപ്പീൽ വാദി ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഫ്രണ്ട് ഓഫീസിന്റെയും സ്റ്റേഷൻ ഹൗസ് ഓഫീസറുടെ റൂമിന്റെയും 4 ദിവസത്തെ സി.സി.ടി.വി ദൃശ്യങ്ങളുടെ സി.ഡി പകർപ്പ് നൽകണമെന്നാണ് 16/10/2023-ന് ഒന്നാം എതിർകക്ഷി മുമ്പാകെ വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപേക്ഷ നൽകിയിട്ടുള്ളത്. വിവരാവകാശ നിയമത്തിന്റെ 7(1) വകുപ്പിന്റെ proviso പ്രകാരം 48 മണിക്കൂറിനകം വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട വിവരം കിട്ടാത്തതിനാൽ 18/10/2023-ന് ഒന്നാം അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി എന്ന് അപ്പീൽ വാദി പറയുകയുണ്ടായി. ഇരുഭാഗവും വാദം കേട്ടതിന്റെയും രേഖകൾ പരിശോധിച്ചതിലും വച്ച് ഈ കേസിൽ വാദിവരം 48 മണിക്കൂറിനകം വിവരം നൽകിയില്ല എങ്കിൽ ഒരു വ്യക്തിയുടെ ജീവനോ സ്വാതന്ത്ര്യമോ ഹനിക്കുന്ന രീതിയിലുള്ള എന്തെങ്കിലും ഉണ്ടാകും എന്ന് കമ്മീഷന് കാണുവാൻ സാധിച്ചിട്ടില്ലാത്തതാകുന്നു. 48 മണിക്കൂറിനകം വിവരം നൽകണമെന്ന വിവരാവകാശ നിയമത്തിലെ വ്യവസ്ഥ ഈ കേസിൽ പരിഗണിക്കാൻ തക്കതായ സാഹചര്യമൊന്നും കാണപ്പെടുന്നില്ല.

www.rtiexpert.com

6) അപ്പീൽ വാദി ആവശ്യപ്പെട്ടിരിക്കുന്നത്, 4 ദിവസത്തെ സി.സി.ടി.വി ഫുട്ടേജ് ആകുന്നു. തനിക്കെതിരെ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ എടുത്ത ക്രൈം കേസ് നിയമ സാധുത ഇല്ലാത്തതാണെന്ന് തെളിയിക്കാനാണ് ഈ വിവരം ആവശ്യപ്പെട്ടതെന്ന് അപ്പീൽ വാദി പറയുകയുണ്ടായി. ഇപ്രകാരം ഒരു സി.ഡി അപ്പീൽ വാദിക്ക് നൽകിയാൽ വിവരാവകാശ നിയമത്തിന്റെ 8 (1) (ജി) പ്രകാരമുള്ള ലംഘനം

ഉണ്ടാകുമെന്ന് ഒന്നാം എതിർകക്ഷി പറയുകയുണ്ടായി. ഒന്നാം എതിർകക്ഷി ഉന്നയിച്ച വാദം അടിസ്ഥാനമുള്ളതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒരു പോലീസ് സ്റ്റേഷനിലെ ഫ്രണ്ട് ഓഫീസിലും സ്റ്റേഷൻ ഹൗസ് ഓഫീസറുടെ മുറിയിലും 4 ദിവസം നടന്ന എല്ലാ നടപടികളുടെയും ദൃശ്യങ്ങൾ അപ്പീൽ വാദിക്ക് നൽകിയാൽ പല കേസുകളുടെയും ഉത്ഭവം ആരിൽ നിന്ന് ഉണ്ടായി എന്ന് അറിയാൻ സാധിക്കുന്നതാണ്. ഇത് അറിവ് നൽകിയ ആളിന്റെ ജീവനും ശാരീരിക സുരക്ഷയ്ക്കും അപകടമാകുമെന്ന് കാണുന്നു. ഇതിനെല്ലാം പുറമേ ഇപ്രകാരമുള്ള വിവരം നൽകിയാൽ പല സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കേസുകളിലെ അതിജീവിതകളെ തിരിച്ചറിയാൻ ഇടയാകുന്നതുമാണ്. ഇപ്രകാരമുള്ള സ്വകാര്യതയെ ബാധിക്കുന്ന തരത്തിലുള്ള വിവരം അപ്പീൽ വാദിക്ക് നൽകാൻ നിയമ തടസ്സം ഉള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ നിലനിൽക്കുന്നതല്ലെന്ന് കണ്ട് ഈ അപ്പീൽ തള്ളി ഇന്നേ ദിവസം 2024 മേയ് 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

വി. ഹരി. നായർ

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

Lalith Babu
www.rtiexpert.com